പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3525 14.10.2011-ൽ മറുപടിക്ക്

# 'മാലിന്യമുക്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) 'മാലിന്യ മുക്തകേരളം' പദ്ധതി നടപ്പാക്കുന്നതിന് ശുചിത്വമിഷൻ വഴി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് വച്ചുകൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പേയിൻ 2011 ഒക്ടോബർ 2 മുതൽ ഒരു വർഷത്തേയ്ക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനവും ഈ കാമ്പയിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ കാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മാലിന്യ സംസ്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ ആവശ്യത്തിലേയ്ക്കുള്ള തുക നടപ്പു സാമ്പത്തിക വർഷം എസ്.ഡി.ജി-യിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.<br>1. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ.<br>2. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ |

സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി നടപടി

3. പൊതു സ്ഥലങ്ങളിൽ ഇ-ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി
4. ബൃഹത്തായ Information Education and Communication (IEC) Programmes സംസ്ഥാന തലത്തിൽ
5. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് നഗരപ്രദേശങ്ങളിലേയ്ക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനുമായി നടപടി
6. ശുചിത്വമിഷൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

| | | | |
|---|---|---|---|
| ബി) | വീടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നിരക്ക് തീരുമാനിച്ചിട്ടുണ്ടോ ; | ബി) & സി) | വീടുകളിൽ ഉണ്ടാകുന്ന മാലിന്യം ഏതെങ്കിലും തരത്തിലുള്ള കമ്പോസ്റ്റിങ്ങ് (മണ്ണിര റിംഗ്, ബയോ ഗ്യാസ് പ്ലാന്റ്) സമ്പ്രദായം മുഖേന നിർമ്മാർജ്ജനം ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പദ്ധതികൾക്ക് സാങ്കേതിക അനുമതിയും, ഭാഗിക സാമ്പത്തിക സഹായവും നൽകി വരുന്നു. അവയ്ക്ക് ഇപ്പോൾ 50% സബ്സിഡിയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കി വരുന്നത് 75% ആക്കി ഉയർത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഒരു വാർഡിനേയോ ഒന്നിൽ കൂടുതൽ വാർഡുകളേയോ മാലിന്യ മുക്ത വാർഡുകളാക്കി മാറ്റുന്നതിന് ഇത്തരത്തിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക വഴി കഴിയുന്നതാണ്. |
| സി) | എങ്കിൽ അതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ